പതിനാലാം കേരള നിയമസഭ
പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1800 — 05.02.2019-ലെ മറുപടിക്ക്

## വിദ്യാർത്ഥികൾക്ക് കൺസഷൻ നൽകുന്നതിന് പ്രോസസ്സിംഗ് ചാർജ്ജ്

ചോദ്യം — മറുപടി

ശ്രീ.കെ.എം.ഷാജി — ശ്രീ. എ.കെ. ശശീന്ദ്രൻ (ഗതാഗത വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | വിദ്യാർത്ഥികൾക്ക് കൺസഷൻ അനുവദിക്കുന്നതുമായി ബന്ധപ്പെട്ട് കെ.എസ്.ആർ.ടി.സി ഭരണസമിതി 18/7/2017-ൽ അജണ്ട ഇനം 67/393/2017 ആയി തീരുമാനിച്ച 100 രൂപയുടെ പ്രോസസ്സിംഗ് ചാർജ്ജ്, വിദ്യാർത്ഥികളിൽ നിന്ന് ഈടാക്കുന്നതിന് അനുമതി നൽകിയിട്ടുണ്ടോ; | (എ) | പ്രത്യേകം അനുമതി നൽകിയിട്ടില്ല. |
| (ബി) | എങ്കിൽ പ്രസ്തുത തുക വിദ്യാർത്ഥികളിൽ നിന്ന് പ്രോസസ്സിംഗ് ഫീയായി ഈടാക്കാൻ കെ.എസ്. ആർ.ടി.സി ക്ക് എന്നാണ് സർക്കാർ അനുമതി നൽകിയത്; അനുമതി നൽകിയ രേഖയുടെ പകർപ്പ് നൽകുമോ; | (ബി) | കെ.എസ്.ആർ.ടി.സി.യുടെ ഭരണസമിതിയുടെ തീരുമാനത്തിന്റെ അടിസ്ഥാനത്തിലാണ് പ്രസ്തുത പ്രോസസിംഗ് ഫീസ് ഈടാക്കുവാൻ ആരംഭിച്ചത്. ആയതിന് സർക്കാരിൽ നിന്നും പ്രത്യേകം അനുമതി നൽകിയിട്ടില്ല. |
| (സി) | മുൻ സർക്കാർ പ്ലസ് 2 തലം വരെയുള്ള വിദ്യാർത്ഥികൾക്ക് സമ്പൂർണ്ണ യാത്രാ സൗജന്യം അനുവദിച്ചതിൽ നിലവിലെ സർക്കാർ മാറ്റം വരുത്തിയിട്ടുണ്ടോ; എങ്കിൽ ആയതിന്റെ കാരണം അറിയിക്കുമോ; | (സി) | മാറ്റം വരുത്തിയിട്ടില്ല. |

| | | | |
|---|---|---|---|
| (ഡി) | തിരുവനന്തപുരം സിറ്റി ഡിപ്പോയിൽ 01.01.2018 മുതൽ 30.06.2018 വരെ കൺസഷൻ നൽകിയ ഇനത്തിൽ നൂറിലധികം രൂപ വീതം എത്ര അപേക്ഷകളിൽ നിന്ന് ഈടാക്കിയിട്ടുണ്ട്; വ്യക്തമായ കണക്ക് ലഭ്യമാക്കുമോ; | (ഡി) | തിരുവനന്തപുരം സിറ്റി ഡിപ്പോയിൽ 01.01.2018 മുതൽ 30.06.2018 വരെയുള്ള കാലയളവിൽ കൺസഷൻ നൽകിയ ഇനത്തിൽ 34 അപേക്ഷകളിൽ നിന്നും നൂറിലധികം രൂപ ഈടാക്കിയിട്ടുണ്ട്. |
| (ഇ) | പ്രോസ്സസിംഗ് ചാർജ് ഒടുക്കാത്ത വിദ്യാർത്ഥികളിൽ നിന്നും ഭീമമായ തുക പിഴയായി ഈടാക്കുവാൻ സർക്കാർ അനുമതി നൽകിയിട്ടില്ലെന്നിരിക്കേ, എന്ത് സാഹചര്യത്തിലാണ് ടി തുകയിൽ കെ.എസ്.ആർ.ടി.സി സ്വമേധയാ ആനുപാതിക വർദ്ധനവ് വരുത്തിയത്; വിശദമാക്കുമോ; | (ഇ) | പ്രോസസിംഗ് ചാർജ് ഒടുക്കാത്ത വിദ്യാർത്ഥികളിൽ നിന്നും പിഴ ഈടാക്കാൻ നിർദ്ദേശം നൽകിയിട്ടില്ല.<br>കൺസഷൻ കാർഡ് നഷ്ടപ്പെടുക, ഉപയോഗശൂന്യമാകുക എന്നീ സാഹചര്യങ്ങളിൽ മാത്രമാണ് വിദ്യാർത്ഥികളിൽ നിന്ന് 500 രൂപ പിഴയായി ഈടാക്കുന്നത്. |
| (എഫ്) | അനുമതി ഇല്ലാതെ വിദ്യാർത്ഥികളിൽ നിന്ന് ഇത്തരം പിഴ ഈടാക്കിയ നടപടി ന്യായീകരിക്കാവുന്നതാണോ; അല്ലെങ്കിൽ ഉത്തരവാദികൾക്കെതിരെ കർശന നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ? | (എഫ്) | ഇതുസംബന്ധിച്ച് പരാതികൾ ഒന്നും കെ.എസ്.ആർ.ടി.സി.യിൽ ലഭ്യമായിട്ടില്ല. ലഭിക്കുന്ന മുറയ്ക്ക് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്. |

**സെക്ഷൻ ഓഫീസർ**